സി5-906/19

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ലേലപരസ്യം

01/04/2019 മുതൽ 31/03/2020 വരെയുള്ള കാലയളവിലേക്ക് താഴെ വിവരിക്കുന്ന ഇനങ്ങൾക്കുള്ള അവകാശം 20/02/2019 ബുധനാഴ്ച 2 മണിയ്ക്ക് ചേപ്പാട് ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓരോ ഇനത്തിലെയും നിരതദ്രവ്യം അടച്ച് 20/02/2019 ബുധനാഴ്ച രാവിലെ 11 മണിയ്ക്ക് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം പേര് രജിസ്റ്റർ ചെയ്യാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**ലേലം ചെയ്യുന്ന ഇനങ്ങൾ**

**I. മത്സ്യം പിടിക്കുന്നതിനുള്ള അവകാശം**

(1) അമ്പുവിള ചാൽ-100 രൂപ (നിരതദ്രവ്യം), (2). പെരുമാറ്റമ്പള്ളിൽ ചാൽ - 100 രൂപ, (3). കോടന്തറ ചാൽ - 100 രൂപ (എൻ.ടി.പി.സി റെയിൽവേയ്ക്ക് പോയതിന് ശേഷമുള്ളത്) (4). പൗവ്വത്ത് ചാൽ - 100 രൂപ, (5). മുറിയാമൂട് കുളം - 100 രൂപ, (6). മുട്ടം കുളം - 100 രൂപ, (7). കുഴികൊമ്പനാൽ കുളം- 100 രൂപ

**II. ഫലവൃക്ഷങ്ങളുടെ മേലാദായം എടുക്കുന്നതിനുള്ള അവകാശം**

1. വേളങ്ങാട്ട് ലക്ഷംവീട് കോളനിയിൽ പൊതു സ്ഥലത്ത് നിൽക്കുന്ന വൃക്ഷങ്ങളിലെ മേലാദായം - 100 രൂപ (നിരതദ്രവ്യം)
2. രണ്ടാം വാർഡിലെ പൊതു സ്ഥലത്ത് നിൽക്കുന്ന വൃക്ഷങ്ങളിലെ മേലാദായം - 100 രൂപ ( നിരതദ്രവ്യം)
3. മൂന്നാം വാർഡിലെ പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിൽക്കുന്ന (മോഴൂർ കോയിക്കൽ പുരയിടം) - 100 രൂപ (നിരതദ്രവ്യം)

**III. നങ്ങ്യാർകുളങ്ങര ഷോപ്പിംഗ് കോംപ്ലക്സിനു സമീപമുള്ള മത്സ്യമാർക്കറ്റിൽ മത്സ്യം വിൽക്കുന്നതിനുള്ള അവകാശം - 10000 രൂപ (നിരതദ്രവ്യം)**

**ലേല നിബന്ധനകൾ**

ഈ പഞ്ചായത്തിലെ ഏതെങ്കിലും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കോ ഏതെങ്കിലും കരാർ ലംഘിച്ചിട്ടുള്ളവർക്കോ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമില്ലാത്തതാണ്.
(1)ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതാണ്.
(2)മതിയായ കാരണത്തിന്മേൽ ലേലം ഏതവസരത്തിലും മാറ്റി വെയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ സെക്രട്ടറിയ്ക്കോ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.
(3)ലേലനിബന്ധനകൾ പാലിക്കാതെ വരികയോ കരാർ ലംഘനം വരുത്തുകയോ ചെയ്യുന്നതുകാരണം പുനർലേലം ചെയ്യേണ്ടിവന്നാൽ ആയതിനുള്ള നഷ്ടോത്തരവാദിത്വം അതാത് ലേലക്കാർ നിർവ്വഹിക്കേണ്ടതാകുന്നു. ലേലം കഴിഞ്ഞാലുടൻ തന്നെ ലേലത്തുക മുഴുവനും ലേലത്തുകയുടെ 18% ജി.എസ്.ടി തുകയും ഒടുക്കേണ്ടതാകുന്നു. വിസമ്മതിച്ചാൽ ബന്ധപ്പെട്ട കക്ഷികൾ കെട്ടി വെച്ച തുക പഞ്ചായത്തിന് മുതൽ കൂട്ടുന്നതും അവരുടെ നഷ്ടോത്തരവാദിത്വത്തിൽ ഉടൻ തന്നെ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ വെച്ച് ലാഭമുണ്ടായാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആയതിന് അവകാശമില്ലാത്തതുമാകുന്നു.
(4)ലേലം വിളി കേൾക്കുന്ന ആൾ ലേലത്തുകയുടെ 5% വരുന്ന തുകയ്ക്കുള്ള മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും പഞ്ചായത്തിൽ നിന്നും രേഖാമൂലമുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രം ലേലം കൊണ്ടയാൾക്ക് വസ്തുവിൽ പ്രവേശിക്കാവുന്നതുമാണ്.
(5)ലേലം അംഗീകരിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
(6)വിവിധ വകുപ്പുകളിൽ നിലവിലുള്ളതും സർക്കാരിന്റെ കാലാകാലങ്ങളിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാകുന്നതാണ്.
(7) മത്സ്യവ്യാപാരം നടത്തുന്നതിന് അവകാശം നേടുന്നയാൾ മാർക്കറ്റ് പരിസരം വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്, ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാർക്കോ സ്ഥാപനങ്ങൾക്കോ ഹാനികരം ആയ രീതിയിൽ ദുർഗന്ധം ഉണ്ടാകുകയോ പ്രവർത്തിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം അസാധുവാക്കുന്നതാണ്. മത്സ്യം വ്യാപാരം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതിയോ ബഹു. കോടതികളുടെ നിർത്തിവയ്ക്കൽ ഉത്തരവുകളോ മൂലം വ്യാപാരം നിർത്തിവയ്ക്കേണ്ടിവരുന്ന പക്ഷം പഞ്ചായത്ത് യാതൊരുവിധ നഷ്ടപരിഹാരവും നൽകുന്നതല്ല
കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്

മുട്ടം പി.ഒ
തീയതി:11/02/2019

(ഒപ്പ്)
സെക്രട്ടറി

നമ്പർ:സി5-906/19

ചേപ്പാട് ഗ്രാമപഞ്ചായത്ത്-കാര്യാലയം

മുട്ടം പി.ഒ

തീയതി:11.02.2019

# ചേപ്പാട് ഗ്രാമപഞ്ചായത്ത്
# ലേലപരസ്യം

ചേപ്പാട് ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ (പഴയ ഒന്നാംവാർഡ്) വെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിന് മുൻവശത്ത് പഞ്ചായത്തിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള സർവ്വേ നമ്പർ C-117-ൽ പ്പെട്ട പുറമ്പോക്ക് ഭൂമിയിൽ വെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് 12/03/2019 മുതൽ 21/03/2019 വരെയുള്ള കാലയളവിൽ കടകെട്ടി കച്ചവടം നടത്തുന്നതിനുള്ള മൊത്തമായ അവകാശം **2019 ഫെബ്രുവരി മാസം 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 02.00 മണിക്ക് ചേപ്പാട് ഗ്രാമപഞ്ചായത്താഫീസിൽ** വെച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേലത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ 500/- രൂപ നിരതദ്രവ്യം കെട്ടിവെച്ച് ലേലം ആരംഭിക്കുന്നതിന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും അപ്പോൾ തന്നെ ലേല സംഖ്യ മുഴുവനും ലേലത്തുകയുടെ 18% ജി.എസ്.ടി തുകയും പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. പഞ്ചായത്തിന്റെ തീരുമാനത്തിന് വിധേയമായി മാത്രം ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ആയതു സംബന്ധിച്ച വിവരം രേഖാമൂലം ലേലംകൊണ്ടയാളെ അറിയിക്കുന്നമുറയ്ക്ക് മാത്രം പുറമ്പോക്ക് ഭൂമിയിൽ പ്രവേശിക്കുന്നതിന് അധികാരമുണ്ടായിരിക്കുകയുള്ളു.

ലേലം മാറ്റി വയ്ക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ സെക്രട്ടറിക്കോ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതും ലേലം വിളി കേൾക്കുന്ന ആൾ ലേല തുകയുടെ 5% വരുന്ന തുകയ്ക്ക് മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളവർ ലേലത്തിൽ പങ്ക് കൊള്ളുവാൻ അനുവദിക്കുന്നതല്ല. സർക്കാരിന്റെ കാലാകാലത്തിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാകുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :- എല്ലാ നോട്ടീസ് ബോർഡുകളിലും

വില്ലേജാഫീസ്

പഞ്ചായത്ത് സാംസ്കാരിക നിലയം

ഫയൽ

നമ്പർ-സി6 -906/18

ചേപ്പാട് ഗ്രാമപഞ്ചായത്ത് കാര്യാലയം
മുട്ടം.പി.ഒ
തീയതി-11/02/2019

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ലേലപ്പരസ്യം

ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കൊട്ടാരം ഗവ.എൽ.പി.എസ്, കണിച്ചനല്ലൂർ ഗവ.എൽ.പി. സ്ക്കൂൾ എന്നീ സ്ഥലങ്ങളിൽ മുറിച്ചിട്ടിരിക്കുന്ന താഴെ പറയും പ്രകാരമുള്ള മരങ്ങൾ 20/02/2019-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിയ്ക്ക് ചേപ്പാട് ഗ്രാമപഞ്ചായത്ത് ഓഫിസിൽ വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവെച്ച് ലേലം ആരംഭിക്കുന്നതിന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം പേര് രജിസ്റ്റർ ചെയ്യാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

1. കൊട്ടാരം ഗവ.എൽ.പി സ്ക്കൂളിൽ മുറിച്ചിട്ടിരിക്കുന്ന അക്കേഷ്യ മരങ്ങൾ (20 എണ്ണം) - നിരിദദ്രവ്യം - 2000/- രൂപ
2. കണിച്ചനല്ലൂർ ഗവ.എൽ.പി.സ്കൂളിന് മുൻവശത്ത് മുറിച്ചിട്ടിരിക്കുന്ന മാവ് (4 എണ്ണം) - നിരതദ്രവ്യം - 100/- രൂപ
3. കണിച്ചനല്ലൂർ ഗവ.എൽ.പി സ്കൂളിന് പിൻവശത്ത് മുറിച്ചിട്ടിരിക്കുന്ന മാവ് ( 21 എണ്ണം) - നിരതദ്രവ്യം - 850/- രൂപ
4. കാഞ്ഞൂർ-മുട്ടം റോഡ് സൈഡിൽ മുറിച്ചിട്ടിരിക്കുന്ന ആഞ്ഞിലി മരം (1 എണ്ണം) - നിരതദ്രവ്യം - 100/- രൂപ

### ലേലനിബന്ധനകൾ

ഈ പഞ്ചായത്തിലെ ഏതെങ്കിലും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കോ ഏതെങ്കിലും കരാർ ലംഘിച്ചിട്ടുള്ളവർക്കോ ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമില്ലാത്തതാണ്.

1. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം താല്കാലികമായി സ്ഥിരപ്പെടുത്തുന്നതും അപ്പോൾതന്നെ ലേലസംഖ്യ മുഴുവനും 5% വനവികസന നികുതിയും ആകെത്തുകയുടെ 18% ചരക്ക്സേവന നികുതിയും ഉൾപ്പടെ ഒടുക്കേണ്ടതാണ്.
2. മതിയായ കാരണത്തിന്മേൽ ഏതവസരത്തിലും ലേലം മാറ്റി വയ്ക്കുന്നതിനോ, നിർത്തിവയ്ക്കുന്നതിനോ സെക്രട്ടറിയ്ക്കോ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.
3. ലേലം അംഗീകരിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ആയതു സംബന്ധിച്ച വിവരം രേഖാമൂലം ലേലം കൊണ്ടയാളെ അറിയിക്കുന്ന മുറയ്ക്ക് മാത്രം ലേല വസ്തു എടുക്കുന്നതിന് അധികാരം ഉണ്ടായിരിക്കുകയുള്ളു. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞ് അംഗീകാര അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം ലേലം കൊണ്ടയാളുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ലേലവസ്തു ടി സ്ഥലത്ത് നിന്നും എടുത്ത് മാറ്റേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേല നടപടികൾ സ്വീകരിക്കുന്നതാണ്.
4. ലേല നിബന്ധനകൾ പാലിക്കാതെ വരികയോ കരാർ ലംഘനം വരുത്തുകയോ ചെയ്യുന്നതുകാരണം പുനർലേലം ചെയ്യേണ്ടി വന്നാൽ ആയതിനുള്ള നഷ്ടോത്തരവാദിത്വം ലേലം കൊണ്ടയാൾ നിർവ്വഹിക്കേണ്ടതാകുന്നു.വിസമ്മതിച്ചാൽ ബന്ധപ്പെട്ട കക്ഷികൾ കെട്ടിവെച്ച തുക പഞ്ചായത്തിന് മുതൽ കൂട്ടുന്നതും അവരുടെ നഷ്ടോത്തരവാദിത്വത്തിൽ ഉടൻ തന്നെ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ വെച്ച് ലാഭമുണ്ടായാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആയതിന് അവകാശമില്ലാത്തതാകുന്നു.
5. വിവിധ വകുപ്പുകളിൽ നിലവിലുള്ളതും സർക്കാരിന്റെ കാലാകാലങ്ങളിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാകുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്
എല്ലാ നോട്ടീസ് ബോർഡുകളിലും
വില്ലേജ് ആഫീസ്,വെബ്സൈറ്റ്,
പഞ്ചായത്ത് സാംസ്കാരികനിലയം
ഫയൽ